**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6775** **11-07-2024 - ൽ മറുപടിയ്ക്ക്**

**വികസന പ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കുന്ന വ്യാപാരികൾക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതയുടെ വീതികൂട്ടലുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര വ്യാപാരികളെ ഒഴിപ്പിച്ചിട്ടുണ്ടെന്നും അവരിൽ എത്രപേർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടെന്നും നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; എത്ര തുക വീതമാണ് ചെറുകിട കച്ചവടക്കാർക്ക് നഷ്ടപരിഹാരമായി നൽകിയതെന്നും അതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് 1956- ലെ NHAI Act, 2013 ലെ RFCTLARR Act- എന്നിവയിലെ വ്യവസ്ഥകൾക്കും, ഷെഡ്യൂൾ 2-ലെ വ്യവസ്ഥകൾക്കും, MoRTH-ന്റെ മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് നഷ്ടപരിഹാരം നല്കി വരുന്നത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം 75,000/-രൂപ വരെ രേഖകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.<br><br>ദേശീയപാതയുടെ വീതി കൂട്ടലുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഒഴിപ്പിച്ച വ്യാപാരികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br><u>തിരുവനന്തപുരം</u><br><br>ജില്ലയിൽ നാളിതുവരെ 486 വ്യാപാരികളെ ഒഴിപ്പിച്ചിട്ടുണ്ട്. 232 കക്ഷികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളതുമാണ്.<br><br><u>കൊല്ലം</u><br><br>കൊല്ലം ജില്ലയിൽ 1653 വ്യാപാരികളെ ഒഴിപ്പിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കിയ 1604 പേർക്ക് നഷ്ടപരിഹാര തുക അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br><u>ആലപ്പുഴ</u><br><br>എത്ര വ്യാപാരികളെ ഒഴിപ്പിച്ചിരുന്നു എന്നതിന് പ്രത്യേകം കണക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ വാടകക്കാരായ 2425 കച്ചവടക്കാർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br><br><u>എറണാകുളം</u> |

| | | | |
|---|---|---|---|
| | | | എറണാകുളം ജില്ലയിൽ നാളിതുവരെ 439 വ്യാപാരികളെ ഒഴിപ്പിച്ചിട്ടുള്ളതും അവരിൽ 296 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുമുണ്ട്<br><br><u>തൃശ്ശൂർ</u><br><br>തൃശ്ശൂർ ജില്ലയിൽ ജില്ലയിൽ നാളിതുവരെ 948 വ്യാപാരികളെ ഒഴിപ്പിച്ചിട്ടുള്ളതും 850 പേർക്ക് നഷ്ടപരിഹാര തുക ആനുവദിച്ച നല്കിയിട്ടുമുണ്ട്. .<br><br><u>പാലക്കാട്</u><br><br>പാലക്കാട് ജില്ലയിൽ ദേശീയപാതയുടെ വീതി കൂട്ടലുമായി ബന്ധപ്പെട്ട് നാളിതുവരെ വ്യാപാരികളെ ഒന്നും തന്നെ ഒഴിപ്പിച്ചിട്ടില്ല.<br><br><u>മലപ്പുറം</u><br><br>മലപ്പുറം ജില്ലയിൽ നാളിതുവരെ 1827 വ്യാപാരികളെ ഒഴിപ്പിച്ചിട്ടുണ്ട്. അവരിൽ 686 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br><u>കോഴിക്കോട്</u><br><br>കോഴിക്കോട് ജില്ലയിൽ നാളിതുവരെ 1895 വ്യാപാരികളെ ഒഴിപ്പിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കിയ 1066 പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.<br><br><u>കണ്ണൂർ</u><br><br>കണ്ണൂർ ജില്ലയിൽ നാളിതുവരെ 1127 വ്യാപാരികളെ ഒഴിപ്പിക്കുകയും 1073 പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുമുണ്ട്.<br><br><u>കാസറഗോഡ്</u><br><br>കാസറഗോഡ് ജില്ലയിൽ നാളിതുവരെയായി 714 വ്യാപാരികളെ ഒഴിപ്പിച്ചിക്കുകയും ഇതിൽ 424 വ്യാപാരികൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുമുണ്ട്. |
| (ബി) | വികസന പ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കുന്ന വ്യാപാരികൾക്ക് മാന്യമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ബി) | 2013- ലെ ഭൂമി ഏറ്റെടുക്കലിലെ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് വികസന പ്രവർത്തങ്ങൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ